2024
APRIL
01
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## പശ്ചിമബംഗാളിൽ ചുഴലിക്കാറ്റ്; 4 മരണം; 70 പേർക്കു പരിക്കേറ്റു

**കൊൽക്കത്ത:** പശ്ചിമബംഗാളിലെ ജൽപായ്ഗുരിയിൽ അപ്രതീക്ഷിതമായി വീശിയ ചുഴലിക്കാറ്റിൽ വൻ നാശം. നാലു പേർ മരിച്ചു. 70 പേർക്കു പരിക്കേറ്റു. പലരുടെയും പരുക്ക് ഗുരുതരമാണ്. നിരവധി വീടുകൾ തകർന്നു. മരങ്ങൾ കടപുഴകി. വൈദ്യുതി പോസ്റ്റുകൾ മറിഞ്ഞു.

പ്രദേശത്ത് വൈദ്യുതി, മൊബൈൽ സേവനങ്ങൾ സ്തംഭിച്ചു. ഇന്നലെ വൈകിട്ടാണ് സംഭവം.

## തിരുവനന്തപുരം ബംഗളൂരു വിസ്താര സർവീസ് വർധിപ്പിച്ചു

**തിരുവനന്തപുരം:** ബെംഗളൂരുവിലേക്കു തിരുവനന്തപുരത്തു നിന്ന് വിസ്താര ചൊവ്വാഴ്ച മുതൽ ദിവസേന 2 സർവീസുകൾ ആരംഭിക്കുന്നു. ഈ റൂട്ടിൽ നിലവിൽ ഇൻഡിഗോ, എയർ ഇന്ത്യ എക്സ്പ്രസ് എയർലൈൻസ് എന്നിവ ദിവസേന 8 സർവീസുകൾ നടത്തുന്നുണ്ട്. വിസ്താര വരുന്നതോടെ ആകെ സർവീസുകൾ 10 ആകും.




ആദ്യ വിമാനം രാവിലെ 5:55 തിരുവനന്തപുരത്ത് നിന്ന് പുറപ്പെട്ട് 7:15ന് ബെംഗളൂരുവിൽ എത്തും. തിരികെ രാത്രി 10:40 ന് പുറപ്പെട്ട് 11:40ന് തിരുവനന്തപുരത്ത് എത്തും. രണ്ടാം വിമാനം രാവിലെ 8:15 ബെംഗളൂരുവിൽ നിന്ന് പുറപ്പെട്ട് 9:30ന് തിരുവനന്തപുരത്ത് എത്തും. തിരികെ രാവിലെ 10:10 ന് പുറപ്പെട്ട് 11:20ന് ബെംഗളൂരുവിൽ എത്തും.

## കടമെടുപ്പ്; കേരളത്തിൻെറ ഇടക്കാല ഹർജിയിൽ വിധി ഇന്ന്

**ന്യൂഡൽഹി:** അധിക കടമെടുപ്പിനായുള്ള കേരളത്തിൻറെ ഇടക്കാല ഹർജിയിൽ സുപ്രീംകോടതി വിധി ഇന്ന്. രാവിലെ പത്തരയ്ക്കാണ് ഹർജി കോടതി പരിഗണിക്കുക.



ജസ്റ്റീസുമാരായ സൂര്യകാന്ത്, കെ.വി. വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചാണ് ഇടക്കാല ഹർജി പരിഗണിക്കുക. പുതിയ സാമ്പത്തിക വർഷത്തിൻറെ ആദ്യ ദിനത്തിൽ നിർണായകമായ വിധിയാണ് കേരളത്തെ കാത്തിരിക്കുന്നത്.

പതിനാലാം ധനകാര്യ കമ്മീഷൻറെ ശിപാർശ കാലയളവിൽ സംസ്ഥാനത്തിന് അനുവദിച്ച ചില തുകകൾ അധികമായിരുന്നുവെന്ന് ചൂണ്ടിക്കാട്ടിയാണ് 21,000 കോടി രൂപയുടെ വായ്പപരിധി കേന്ദ്രസർക്കാർ വെട്ടിക്കുറച്ചത്.

ഇതിനെതിരെയാണ് കേരളം സുപ്രീംകോടതിയെ സമീപിച്ചത്. പെൻഷൻ ഉൾപ്പടെ നൽകുന്നതിന് അടിയന്തരമായി പതിനായിരം കോടി രൂപ കടമെടുക്കാൻ അനുവദിക്കണമെന്നാണ് കേരളത്തിൻറെ ആവശ്യം. നേരത്തെ കോടതി നിർദേശപ്രകാരം കേന്ദ്രവും സംസ്ഥാനവും തമ്മിൽ വിഷയത്തിൽ ചർച്ചകൾ നടത്തിയിരുന്നു. ഇത് പരാജയപ്പെട്ടതോടെയാണ് വിഷയത്തിൽ കോടതി വീണ്ടും വാദംകേട്ടത്.

## വാണിജ്യ സിലിണ്ടർ വില കുറച്ചു

**ന്യൂഡൽഹി:** വാണിജ്യാവശ്യങ്ങൾക്കുള്ള എൽപിജി സിലിണ്ടർ വില കുറച്ചു. 19 കിലോഗ്രാം വാണിജ്യ സിലിണ്ടറിന് 30.50 രൂപയാണ് കുറച്ചത്. ഇതോടെ ഡൽഹിയിൽ 19 കിലോഗ്രാം വാണിജ്യ സിലിണ്ടറിൻറെ വില 1,764.50 രൂപയായി. കൊച്ചിയിൽ 1,775 രൂപയാണ് പുതുക്കിയ സിലിണ്ടർ വില. അഞ്ചു കിലോ സിലിണ്ടറിൻറെ വിലയും കുറച്ചിട്ടുണ്ട്. എഫ്ടിഎൽ സിലിണ്ടറിന് 7.50 രൂപയാണ് കുറച്ചത്. പുതുക്കിയ വില ഇന്നുമുതൽ പ്രാബല്യത്തിൽ.

എന്നാൽ ഗാർഹിക സിലിണ്ടർ വിലയിൽ മാറ്റമില്ല. നേരത്തെ, ഫെബ്രുവരിയിലും മാർച്ചിലും വാണിജ്യ സിലിണ്ടറിൻറെ വില വർധിപ്പിച്ചിരുന്നു.

## ഫോൺപേ സൗകര്യം ഇനി യുഎഇയിലും

**തിരുവനന്തപുരം:** യുഎഇയിലേക്ക് യാത്ര ചെയ്യുന്ന ഫോൺപേ ആപ്പ് ഉപയോക്താക്കൾക്ക് ഇപ്പോൾ യുപിഐ ഉപയോഗിച്ച് മാഷ്റെഖ്ൻറെ നിയോപേ ടെർമിനലുകളിൽ പേയ്മെൻറുകൾ നടത്താം. റീട്ടെയ്ൽ സ്റ്റോറുകളിലും ഡൈനിങ് ഔട്ട്ലെറ്റുകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഈ സൗകര്യം ലഭ്യമാകും. തടസമില്ലാത്തതും വേഗത്തിലുള്ളതുമായ പേയ്മെൻറുകൾക്കായി ക്യു ആർ കോഡ് സ്കാൻ ചെയ്താൽ മതിയാകും.




യുപിഐ ആണ് ഈ ഇടപാടുകൾ സുഗമമാക്കുന്നത്. എല്ലാ ഇടപാടുകളും ഇന്ത്യൻ രൂപയിൽ പ്രോസസ് ചെയ്യപ്പെടുന്നു എന്നുള്ളത് ഇന്ത്യൻ ടൂറിസ്റ്റുകൾക്ക് സുതാര്യതയും സൗകര്യവും വാഗ്ദാനം ചെയ്യുന്നു. കൂടാതെ, യുഎഇയിലെ മൊബൈൽ നമ്പറുകളുള്ള എൻആർഐകൾക്ക് ഫോൺപേ ആപ്പ് ഡൗൺലോഡ് ചെയ്യാനും പേയ്മെൻറുകൾ സുഗമമാക്കുന്നതിന് അവരുടെ നിലവിലുള്ള എൻആർഇ, എൻആർഒ അക്കൗണ്ടുകൾ ലിങ്ക് ചെയ്യാനും കഴിയും.

യുഎഇയിലെ ഇന്ത്യൻ പ്രവാസികൾക്ക് ഇടപാടുകളുടെ എളുപ്പവും സൗകര്യവും വർധിപ്പിക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. എൻപിസിഐ ഇൻറർനാഷണൽ പേയ്മെൻറ്സ് ലിമിറ്റഡുമായുള്ള മാഷ്റെഖ് ബാങ്കിൻറെ പങ്കാളിത്തത്തിലൂടെയാണ് ഇത് സാധ്യമാക്കുന്നത്.

യാത്രയും പ്രാദേശിക ഇടപാടുകളും സുഗമമാക്കുന്നതിന് പുറമേ, ആഭ്യന്തരമായി പണമയയ്ക്കാനുള്ള മാർഗങ്ങൾ പ്രവർത്തനക്ഷമമാക്കിയാൽ, ഫോൺപേ ഇൻവേർഡ് റെമിറ്റൻസ് (ആഭ്യന്തരമായി പണമയക്കുക) സേവനങ്ങളും അവതരിപ്പിക്കും.

ഇത് യുപിഐ ഇൻഫ്രാസ്ട്രക്ച്ചർ പ്രയോജനപ്പെടുത്തി പണം കൈമാറ്റം ചെയ്യുന്ന പ്രക്രിയ ലളിതമാക്കുകയും അതുവഴി ബാങ്ക് അക്കൗണ്ട് നമ്പറുകളും ഐഎഫ്എസ്സി കോഡുകളും പോലുള്ള വിശദാംശങ്ങളുടെ ആവശ്യകത ഇല്ലാതാക്കുകയും ചെയ്യും.






# പുതിയ എസി റേഞ്ച് പുറത്തിറക്കി പാനസോണിക്

**കൊച്ചി:** വൈവിധ്യമാർന്ന ഉത്പന്നങ്ങൾ അവതരിപ്പിക്കുന്ന പ്രമുഖ സാങ്കേതിക കമ്പനിയായ പാനസോണിക് ലൈഫ് സൊല്യൂഷൻസ് ഇന്ത്യ കേരളാ വിപണിയിൽ 2024 ലെ പുതിയ എയർകണ്ടീഷണറുകൾ അവതരിപ്പിച്ചു. 1.0,1.5,2.0ടൺ മോഡലുകളുടെ വിശാല നിരയിൽ നിന്ന് 60 എയർകണ്ടീഷണ4 മോഡലുകളുടെ ഏറ്റവും പുതിയ ശ്രേണി ഇപ്പോൾ എല്ലാ പ്രധാന റീട്ടെയിൽ ഔട്ട് ലെറ്റുകളിലും ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും പാനസോണിക് ബ്രാൻഡ് സ്റ്റോറിലും ലഭ്യമാണ്.

മാറിക്കൊണ്ടിരിക്കുന്ന ഉപഭോക്തൃ ആവശ്യങ്ങൾ കണക്കിലെടുത്താണ് പാനസോണിക് എസികളുടെ പുതിയ ശ്രേണി വികസിപ്പിച്ചിട്ടുള്ളത്. പാനസോണിക്കിൽ നിന്നുള്ള ഇന്ത്യയിലെ ആദ്യത്തെ മാറ്റ4 എനേബിൾഡ് എസികൾ പരസ്പര പ്രവർത്തനക്ഷമത വാഗ്ദാനം ചെയ്യുക മാത്രമല്ല, ഇക്കോടഫ് കേസിംഗ് വിശ്വാസ്യതയും ദീർഘനാൾ ഈട് നിൽപ്പും സാധ്യമാക്കുന്നു. നൂതനമായ മിറെയ് പ്ലാറ്റ്ഫോം ഉപയോഗിച്ച് ഉപഭോക്താക്കൾക്കായി സ്മാർട്ട് ഹോം അനുഭവം പുനർനിർവചിക്കുകയാണ്. ട്രൂ എഐ പോലുള്ള സവിശേഷതകൾ ഉപയോഗിച്ച്, ഒപ്റ്റിമൽ കംഫർട്ട് കൂളിംഗിന് അനുസരിച്ച് എസിയുടെ സെറ്റിംഗ്സ് ഓട്ടോമാറ്റിക്കായി ക്രമീകരിക്കുന്നു. കൂടാതെ വ്യക്തിഗത സ്ലീപ്പ് പ്രൊഫൈലുകൾ രാത്രിയിൽ മാനുവലായി താപനില ക്രമീകരിക്കേണ്ട ആവശ്യകതയും ഒഴിവാക്കുന്നു.

എല്ലാ കോണുകളും തണുപ്പിക്കുന്നു ജെറ്റ്സ്ട്രീം എയർഫ്ലോയോടു കൂടിയ പാനസോണിക്കിന്റെ എയർകണ്ടീഷണറുകളിൽ നിന്ന് 45 അടി വരെ വായു എത്തുന്നു. വലിയ അളവിൽ വായു ഉള്ളിലേക്ക് എടുക്കുന്നതും വായുസഞ്ചാരം വ4ധിപ്പിക്കുന്ന വ്യാസമുള്ള ഫാനുമാണ് ഇൻഡോർ യൂണിറ്റിലുള്ളത്. കൂടാതെ, 4വേ സ്വിംഗ് ഉള്ള അതുല്യമായ ഡബിൾ ഫ്ലാപ്പ് എയറോവിംഗ്സ് ഡിസൈൻ ലിവിംഗ് സ്പേസിന്റെ എല്ലാ കോണുകളും തണുപ്പിക്കാൻ സഹായിക്കുന്നു.




# ഏഷ്യൻ ഗ്രാനിറ്റോ ഇന്ത്യ ലിമിറ്റഡിന്റെ ബ്രാൻഡ് അംബാസഡറായി രൺബീർ കപൂർ

**കൊച്ചി** : ഇന്ത്യയിലെ മുൻനിര ടൈൽസുകളിലൊന്നായ ഏഷ്യൻ ഗ്രാനിറ്റോ ഇന്ത്യ ലിമിറ്റഡ് രൺബീർ കപൂറിനെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. രൺബീർ കപൂറിനെ ഏഷ്യൻ ഗ്രാനിറ്റോ കുടുംബത്തിലേക്ക് സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ ആകർഷണീയതയും ആകർഷണവും ഞങ്ങളുടെ ബ്രാൻഡ് മൂല്യങ്ങളുമായി ആഴത്തിൽ പ്രതിധ്വനിക്കുന്നു. രൺബീർ കപൂറുമായുള്ള പങ്കാളിത്തം ബ്രാൻഡിന്റെ മികവിനും നവീകരണത്തിനുമുള്ള പ്രതിബദ്ധതയും ആവേശകരമായ ഭാവി വാഗ്ദാനം ചെയ്യുന്നുവെന്ന് ഏഷ്യൻ ഗ്രാനിറ്റോ ഇന്ത്യ ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ. കമലേഷ് പട്ടേൽ പറഞ്ഞു.




ഇടത്തുനിന്ന് വലത്തോട്ട്: ബോർഡ് എയ്റോസ്പേസ് സർവീസസ് ഇന്ത്യയുടെ (എഎസ്ഐ) ചെയർമാൻ ഒഡെഡ് യാക്കോബോവിക്, ഇസ്രായേൽ എയ്റോസ്പേസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് (ഐഎഐ) പ്രസിഡന്റും സിഇഒയുമായ ബോസ് ലെവി, എയ്റോസ്പേസ് സർവീസസ് ഇന്ത്യ (എഎസ്ഐ) സിഇഒ ഡാനി ലോബർ എന്നിവർ.

# ഇസ്രായേൽ എയ്റോസ്പേസ് ഇൻഡസ്ട്രീസിന്റെ എയ്റോസ്പേസ് സർവീസസ് ഇന്ത്യ (എഎസ്ഐ) ന്യൂഡൽഹിയിൽ പ്രവർത്തനമാരംഭിച്ചു

**ന്യൂഡൽഹി:** ലോകോത്തര ബഹിരാകാശ, പ്രതിരോധ കമ്പനിയായ ഇസ്രായേൽ എയ്റോസ്പേസ് ഇൻഡസ്ട്രീസ് (ഐഎഐ) തങ്ങളുടെ ഇന്ത്യൻ ഉപസ്ഥാപനമായ എയ്റോസ്പേസ് സർവീസസ് ഇന്ത്യ (എഎസ്ഐ) ന്യൂഡൽഹിയിൽ പ്രവർത്തനമാരംഭിച്ചു.

AEROSPACE SERVICES INDIA

ഇന്ത്യൻ ഗവൺമെന്റിന്റെ 'ആത്മനിർഭർ ഭാരത്' മേക്ക് ഇൻ ഇന്ത്യ വിഷൻ എന്നതുമായുള്ള ആശയവുമായുമുള്ള ഐഎഐയുടെ സഹകരണത്തിന്റെ പ്രകടനമാണ് എഎസ്ഐ തുറക്കുന്നത്. ഇന്ത്യൻ സായുധ സേനകൾക്കായി വിപുലമായ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിലും പിന്തുണയ്ക്കുന്നതിലും ഐഎഐയും ഡിആർഡിഒയും തമ്മിലുള്ള ശക്തമായ പങ്കാളിത്തത്തിനുള്ള പ്രതിബദ്ധതയും ഇത് കാണിക്കുന്നു.

എഎസ്ഐ ഇന്ത്യൻ രൂപയിലാണ് വ്യാപാരം ചെയ്യുന്നത്, കൂടാതെ മുഴുവൻ മീഡിയം റേഞ്ച് സർഫേസ് ടു എയർ മിസൈൽ (എംആർഎസ്എം) സംവിധാനത്തിനായുള്ള ഏക അംഗീകൃത നിർമാതാക്കളുടെ സാങ്കേതിക പ്രതിനിധിയുമാണ്. വിവിധതരം ഏരിയൽ പ്ലാറ്റ്ഫോമുകളിൽ നിന്ന് സംരക്ഷണം നൽകുന്ന ഒരു വ്യോമ മിസൈൽ പ്രതിരോധ സംവിധാനമാണ് ഞങ്ങ ടങ്ങ. ഇന്ത്യൻ സൈന്യവും വ്യോമസേനയും നാവികസേനയും ഇത് ഉപയോഗിക്കുന്നു. ഈ സംവിധാനത്തിൽ വിപുലമായ ഘട്ടങ്ങളുള്ള അറേ റഡാർ, കമാൻഡ് ആൻഡ് കൺട്രോൾ, മൊബൈൽ ലോഞ്ചറുകൾ, അഡ്വാൻസ്ഡ് ആർഎഫ് സീക്കർ ഉള്ള ഇന്റർസെപ്റ്ററുകൾ എന്നിവ ഉൾപ്പെടുന്നു. ഇന്ത്യൻ സേനയ്ക്കായി ഡിആർഡിഒയും സംയുക്തമായി വികസിപ്പിച്ചെടുത്തതാണ് MRSAM.

ഐഎഐയുടെ പ്രസിഡന്റും സിഇഒയുമായ ബോവാസ് ലെവി പറഞ്ഞു, 'സ്വാശ്രയത്വത്തെക്കുറിച്ചുള്ള ഇന്ത്യയുടെ ആത്മനിർഭർ ഭാരത് വീക്ഷണത്തിലേക്കുള്ള ഞങ്ങളുടെ ആദ്യത്തെ പ്രധാന നാഴികക്കല്ലായി എഎസ്ഐ അവതരിപ്പിക്കുന്നു. ഇന്ത്യയുടെയും ഇസ്രയേലിന്റെയും പങ്കാളിത്തം അത്യാധുനിക നേട്ടത്തിന് സാക്ഷ്യം വഹിച്ചു. ഈ വളർച്ചയും വികാസവും നമ്മുടെ രണ്ട് രാജ്യങ്ങളും ഐഎഐയുടെ സാങ്കേതികവിദ്യയും പ്രതിരോധ മേഖലയിൽ ഇന്ത്യയുടെ കഴിവും വൈദഗ്ധ്യവും വളർത്തിയെടുക്കുമ്പോൾ ചരിത്രം സൃഷ്ടിക്കും.'

'കഴിഞ്ഞ 30 വർഷമായി, ഏറ്റവും പുതിയ ചില സാങ്കേതിക വിദ്യകളുമായി സഹകരിക്കുന്ന ഞങ്ങളുടെ ഇന്ത്യൻ പങ്കാളികളുമായി ചേർന്ന് ഇസ്രായേൽ എയ്റോസ്പേസ് ഇൻഡസ്ട്രീസ് പ്രവർത്തിച്ചിട്ടുണ്ട്. എയ്റോസ്പേസ് സർവീസസ് ഇന്ത്യ ഓഫീസ് ആ സഹകരണം തുടരാൻ ഞങ്ങളെ സഹായിക്കും,' എയ്റോസ്പേസ് സർവീസസ് ഇന്ത്യ (എഎസ്ഐ) സിഇഒ ഡാനി ലോബർ പറഞ്ഞു.

എഎസ്ഐയുടെ 50 ജീവനക്കാരിൽ, 97% ഇന്ത്യൻ പൗരന്മാരാണ്. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന എഎസ്ഐയുടെ തന്ത്രപ്രധാനമായ ശാഖകൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉടനീളം അതിന്റെ സേവനങ്ങൾ വ്യാപിപ്പിക്കുന്നു.

പുതിയ സൗകര്യങ്ങളോടെ, അറ്റകുറ്റപ്പണികൾക്കും സേവന പ്രവർത്തനങ്ങൾക്കുമുള്ള ടേൺറൗണ്ട് സമയം ഗണ്യമായി കുറയ്ക്കാൻ എഎസ്ഐ ക്കു കഴിയും, ഇതുവഴി ഉപഭോക്താക്കൾക്ക് വേഗത്തിലുള്ളതും കാര്യക്ഷമവുമായ പിന്തുണ ഉറപ്പാക്കുന്നു. കൂടാതെ, പ്രാദേശികമായി പ്രവർത്തിക്കുന്നതിലൂടെ, സേവനങ്ങളുടെയും അറ്റകുറ്റപ്പണികളുടെയും ചെലവ് കുറയുകയും ചെയ്യും.

# ദിശ കോട്ടയം 2024 ഹയർ സ്റ്റഡീസ് എക്സ്പോ

**കാഞ്ഞിരപ്പള്ളി:** പൊതു വിദ്യാഭ്യാസവകുപ്പ് ഹയർ സെക്കൻഡറി വിംഗ്, കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസലിംഗ് സെൽ എന്നിവയുടെ ആഭിമുഖ്യത്തിൽ ദിശ കോട്ടയം 2024 ഹയർ സ്റ്റഡീസ് എക്സ്പോ കാളകെട്ടി അച്ചാമ്മ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ, അസീസി അന്ധ വിദ്യാലയം, ഹോളിക്രോസ് പള്ളി ഓഡിറ്റോറിയം എന്നിവടങ്ങളിൽ നടത്തി.

ഇന്ത്യയിലെ പ്രീമിയർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലക്ഷ്യമിടുന്നവർ മുതൽ ഷോർട്ട് ടേമിലേക്കുള്ള കോഴ്സുകൾ പഠിച്ച് ഉടൻ ജോലി ലക്ഷ്യമിടുന്നവർ വരെയുള്ള ജില്ലയിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ പഠിക്കുന്ന 4500 വിദ്യാർഥികളും രക്ഷിതാക്കളും പ്രോഗ്രാമിൽ പങ്കെടുത്തു.

നാല് വേദികളിലായി 35 സെമിനാറുകളും 20 കരിയർ ഗൈഡുമാരുടെ സേവനവും കുട്ടികൾക്ക് ലഭ്യമായി.

ട്രിപ്പിൾ ഐടി കോട്ടയം, ഐസിഎ, ഐസിഎസ്ഐ, എൻസിസി ആർമി, നേവി, എയർഫോഴ്സ്, അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, കുസാറ്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, കെ.ആർ. നാരായൺ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, ഒഡിഇപിസി, സിപ്പിറ്റ്, അസാപ് തുടങ്ങിയ 24 ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ധർ കുട്ടികൾക്ക് കൗൺസലിംഗ് നൽകി.



# സർക്കാർ ഇടപെടലുകൾ ഇല്ല; വിപണി പൊള്ളുന്നു

**പത്തനംതിട്ട:** സർക്കാർ പ്രഖ്യാപിച്ച ഈസ്റ്റർ, റംസാൻ വിപണി പ്രഹസനമായി മാറിയതോടെ വിലക്കയറ്റം അതിരൂക്ഷമായി. അവശ്യസാധനങ്ങളുടെ ലഭ്യതയിൽ സർക്കാർ സംവിധാനങ്ങൾ നോക്കുകുത്തികളായി നിലനിന്നപ്പോൾ പൊതുവിപണിയിൽ വില കുതിച്ചുയർന്നു. വിപണി ഇടപെടലിന് സപ്ലൈകോയ്ക്കും കഴിഞ്ഞില്ല.

ഈസ്റ്ററിനോടനുബന്ധിച്ച മത്സ്യം, മാംസം, പലവ്യഞ്ജനം സാധനങ്ങളുടെ വില കുതിച്ചുയർന്നു. വിപണികളിൽ പലയിടത്തും വില തോന്നുംപടിയായിരുന്നു. പരിശോധനകൾക്കോ മറ്റോ ആരുംതന്നെ ഉണ്ടായിരുന്നില്ല. അവശ്യസാധനങ്ങൾക്കും മത്സ്യം, മാംസം എന്നിവയ്ക്കും ആവശ്യക്കാർ കൂടുതൽ എത്തുമെന്നായതോടെ കൃത്രിമ ക്ഷാമം സൃഷ്ടിച്ച് വില ഉയർത്താനും ശ്രമം നടന്നു.

സപ്ലൈകോ ഈസ്റ്റർ,റംസാൻ, വിഷു വിപണി ഉദ്ഘാടനം ചെയ്തെങ്കിലും യാതൊരു പ്രയോജനവുമുണ്ടായില്ല. അവശ്യസാധനങ്ങൾ ഒന്നുംതന്നെ മിക്കയിടത്തും ലഭ്യമല്ലായിരുന്നു. 13 ഇനം അവശ്യസാധനങ്ങൾ പൊതുവിപണിയെക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിനാണ് വില്പനശാലകൾ തുറന്നത്.

കുത്തരി, മുളക്, കടല, പയർ, ഉഴുന്ന് എന്നിവ സബ്സിഡി നിരക്കിൽ എത്തിക്കുമെന്നായിരുന്നു തീരുമാനം. ആദ്യദിനത്തിൽ ഇവ എത്തിച്ച് തലയൂരാനാണ് അധികൃതർ ശ്രമിച്ചത്. പലയിടത്തും വളരെ കുറച്ച് സാധനങ്ങൾ മാത്രമേ എത്തിയുള്ളു. അരി മിക്കയിടത്തും തീർന്നു. പഞ്ചസാര ഒഴികെയുള്ളവയുടെ സ്റ്റോക്കും പരിമിതമാണ്.

അടൂരിൽ ഏഴ് ഇനങ്ങൾ എത്തിച്ചു നൽകിയിരുന്നു. എന്നാൽ അളവ് കുറവായതിനാൽ ഇവ വളരെ പെട്ടെന്ന് തീർന്നു. ഗ്രാമീണ മേഖലയിലെ സപ്ലൈകോ മാർക്കറ്റുകളിലും മാവേലി സ്റ്റോറുകളിലും സബ്സിഡി ഉത്പന്നങ്ങൾ ലഭ്യമാക്കാനായിട്ടുമില്ല. മത്സ്യം, മാസം വിപണിയിൽ യാതൊരു ഇടപെടലും ഉണ്ടായില്ല. മത്സ്യമാർക്കറ്റുകളിൽ ഈസ്റ്റർ ലക്ഷ്യമാക്കി നേരത്തെ തന്നെ സ്റ്റോക്ക് ചെയ്തിരുന്നുവെന്ന ആക്ഷേപമുണ്ട്. വില്പനശാലകളിൽ എത്തിച്ച ഉത്പന്നങ്ങളുടെ ഗുണനിലവാര പരിശോധന എവിടെയുമുണ്ടായില്ല. വിലയും തോന്നുംപടിയായിരുന്നു.

മുന്തിയ ഇനം മത്സ്യങ്ങൾക്ക് കിലോഗ്രാമിന് 1000 രൂപ വരെ വില ഉയർത്തി. ചെറുമത്സ്യങ്ങളുടെ വിലയിലും വൻ വർധന വരുത്തിയിരുന്നു. ഇറച്ചിക്കോഴിയുടെ വില കിലോഗ്രാമിന് 150 രൂപയ്ക്കു മുകളിലേക്ക് എത്തി. ശരാശരി 160 രൂപയ്ക്കാണ് പലയിടത്തും വില്പന നടത്തിയത്. പോത്ത്, കാള, ആട് എന്നിവയുടെ വിലയിലും വർധന ഉണ്ടായി. പച്ചക്കറി വിപണിയിൽ ഒരാഴ്ച മുന്പേ വിലക്കയറ്റം പ്രകടമായിരുന്നു. തോന്നുംപടിയാണ് പലയിടത്തും വില ഉയർത്തിയത്. തമിഴ്നാട്ടിൽനിന്നുള്ള പച്ചക്കറികളുടെ വില മൊത്തവിതരണക്കാരാണ് നിശ്ചയിച്ചു വരുന്നത്. നാടൻ പച്ചക്കറികളുടെ ലഭ്യതക്കുറവും വില ഉയരാൻ കാരണമായി. വേനൽക്കാലമായതോടെ ചെറുനാരങ്ങ, തണ്ണിമത്തൻ, ഓറഞ്ച് തുടങ്ങിയവയുടെ വിലയും ഉയർന്നു നൽക്കുകയാണ്.



# താമരയുടെ രൂപത്തിൽ വിമാനത്താവളം; ചെലവ് 16,700 കോടി, നടത്തിപ്പ് അദാനി എയർപോർട്ട് ഹോൾഡിങ്സിന്

**മുംബൈ:** നവിമുംബൈ വിമാനത്താവളത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു. അടുത്ത വർഷം മാർച്ച് 31 ന് മുൻപ് വിമാനത്താവളം തുറക്കാനാകും. 63 ശതമാനം നിർമാണ പ്രവർത്തനം പൂർത്തിയായതായും അധികൃതർ പറഞ്ഞു. ദേശീയ പുഷ്പമായ താമരയുടെ രൂപത്തിലാണ് വിമാനത്താവളത്തിന്റെ രൂപകൽപനയെന്നതും പ്രത്യേകതയാണ്.16,700 കോടി രൂപ ചെലവിൽ നിർമിക്കുന്ന വിമാനത്താവളത്തിന്റെ നടത്തിപ്പ് അദാനി എയർപോർട്ട് ഹോൾഡിങ്സിനാണ്. 2021ലാണ് ജിവി കെയിൽ നിന്ന് അദാനി ഗ്രൂപ്പ് നിർമാണച്ചുമതല ഏറ്റെടുക്കുന്നത്.

മുംബൈ വിമാനത്താവളത്തിൽ തിരക്ക് കൂടിയതോടെയാണ് 2018ൽ നവിമുംബൈയിൽ നിർമാണത്തിന് തുടക്കമിട്ടത്. 1160 ഏക്കറിലായി നാലു ഘട്ടമായാണ് വികസിപ്പിക്കുന്നത്. ആദ്യരണ്ടു ഘട്ടം അടുത്ത വർഷം മാർച്ച് 31 ന് മുൻപ് പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുകയാണ് ലക്ഷ്യം. 2032ൽ പൂർണതോതിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയും. കുന്ന് നിരപ്പാക്കൽ അവസാനഘട്ടത്തിലാണ്. ഉൾവെ നദി വഴി തിരിച്ച് വിടുന്ന ജോലി പൂർത്തിയായി. ചതുപ്പുകളെല്ലാം നിരത്തുകയും ഹൈട്രാൻസ്മിഷൻ ലൈനുകൾമാറ്റി സ്ഥാപിക്കുകയും ചെയ്തു.

2022ൽ പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ 2018ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് നവിമുംബൈ വിമാനത്താവളത്തിന് തറക്കല്ലിട്ടത്.പ്രദേശവാസികളുടെ പ്രതിഷേധം കാരണം ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെ വൈകിയതോടെ നിർമാണപ്രവർത്തനങ്ങളും ഇഴഞ്ഞു. 2021ലാണ് അദാനി ഗ്രൂപ്പ് എത്തുന്നത്. പിന്നീട്, 2022ൽ ഏറ്റെടുത്ത ഭൂമി സിഡ്കോ അദാനി ഗ്രൂപ്പിന് കൈമാറിയതോടെ നിർമാണം വേഗത്തിലായി. പദ്ധതി മുന്നിൽ കണ്ട് പൻവേൽ, ബേലാപൂർ,വാശി, ഉൾവെ മേഖലകളിൽ വലിയ രീതിയിലുള്ള ഭൂമി ഇടപാടുകളാണ് നടക്കുന്നത്.

ടെർമിനലിന്റെ നിർമാണ പ്രവർത്തനവും റൺവേകളുടെ നിർമാണ പ്രവർത്തനവും അന്തിമഘട്ടത്തിലാണ്. 3700 മീറ്റർ ദൂരത്തിലുള്ള രണ്ട് റൺവേകളാണ് പൂർത്തിയാകുന്നത്. 60 മീറ്റർ വീതിയും റൺവേകൾക്കുണ്ട്.

# കട്ടപ്പന ഫെസ്റ്റിന് ഏപ്രിൽ പത്തിനു തുടക്കം

**കട്ടപ്പന:** കട്ടപ്പന മർച്ചൻറ്സ് അസോസിയേഷൻറെയും മർച്ചൻറ് യൂത്ത് വിംഗിൻറെയും ടി. നസിറുദീൻ & മാരിയിൽ കൃഷ്ണൻ നായർ ചാരിറ്റബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ ഏപ്രിൽ 10 മുതൽ 22 വരെ കട്ടപ്പന മുനിസിപ്പൽ ഗ്രൗണ്ടിൽ കട്ടപ്പന ഫെസ്റ്റ് നടത്തും.

കാർഷിക, വിദ്യാഭ്യാസ, വ്യാ വസായിക പ്രദർശനങ്ങൾക്കൊപ്പം, എംജി ശ്രീകുമാർ, സ്റ്റീഫൻ ദേവസി, വിനീത് ശ്രീനിവാസൻ, ഹരിശ്രീ അശോകൻ, ആശാ ശരത്ത്, വൈക്കം വിജയലക്ഷ്മി തുടങ്ങിയ സിനിമസീരിയൽ താരങ്ങൾ അണിനിരക്കുന്ന കലാപരിപാടികളും ബെല്ലി ഡാൻസും അരങ്ങേറും. പരിപാടിയുടെ നടത്തിപ്പിനായി സ്വാഗത സംഘം ഓഫീസ് തുറന്നു.ഓ



ഫീസിൻറെ ഉദ്ഘാടനം നഗരസഭാ ചെയർപേഴ്സൺ ബീനാ ടോമി നിർവഹിച്ചു.

ഫ്ലവർ ഷോ, സ്നോ പാർക്ക്, ഫാഷൻ ഷോ, അകാപെറ്റ് ഷോ, അമ്യൂസ്മെൻറ് പാർക്ക്, ഫുഡ് ഫെസ്റ്റ് തുടങ്ങിയ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനത്തിൽ ജനറൽ കൺവീനർ സിജോമോൻ ജോസ്, ഫെസ്റ്റ് കമ്മിറ്റി ചെയർമാൻ കെ.പി ഹസൻ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.




## വരൾച്ച പ്രതിരോധിക്കാൻ മാർഗനിർദേശങ്ങൾ; അടിയന്തര ജലസംരക്ഷണ നടപടികൾ വേണമെന്ന് കൃഷിവകുപ്പ്

**തിരുവനന്തപുരം:** കൊടും ചൂടിൽ കൃഷിയിടങ്ങൾ വരണ്ടുണങ്ങിയതോടെ വരൾച്ച പ്രതിരോധിക്കാൻ കൃഷി വകുപ്പ് മാർഗനിർദേശങ്ങൾ പുറത്തിറക്കി. വരൾച്ച ബാധിക്കാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തി ജലസംരക്ഷണ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് നിർദേശങ്ങളിൽ പറയുന്നു. ഈ സ്ഥലങ്ങളിൽ ജലസ്രോതസ്സുകൾ പുന:രുജ്ജീവിപ്പിക്കണം. വിളവിൽ കുറവുണ്ടായാൽ പ്രത്യേകം നിരീക്ഷിക്കണം. ജല ഉപയോഗം കുറവ് ആവശ്യമുള്ള വിളകളുടെ കൃഷി (മൂന്നാം വിള) വ്യാപിപ്പിക്കണം. ജലഉപയോഗം കുറവായ ജലസേചന രീതികൾ കൂടുതൽ പ്രദേശത്ത് നടപ്പാക്കണം. വരൾച്ച പ്രതിരോധിക്കാനുള്ള കൃഷി പരിപാലന മുറകൾ അനുവർത്തിക്കണമെന്നും കൃഷി വകുപ്പ് നിർദേശിച്ചു.

വരൾച്ചയെ തുടർന്ന് ജനുവരി മുതൽ ഇന്നലെ വരെയായി സംസ്ഥാനത്ത് 29.20 കോടി രൂപയുടെ വിളനാശം റിപ്പോർട്ട് ചെയ്തെന്നാണ് കൃഷി വകുപ്പിന്റെ കണക്ക്. 2,046.56 ഹെക്ടർ കൃഷി ഭൂമിയെ വരൾച്ച ബാധിച്ചു. 6,022 കർഷകർക്കാണ് വിളനാശമുണ്ടായത്. പാലക്കാട് ജില്ലയിലാണ് കൂടുതൽ വിളനാശം, കുറവ് എറണാകുളത്ത്.

## ലക്ഷദ്വീപ് കൊപ്ര വരവ് തുടങ്ങി



**ബേപ്പൂർ:** ലക്ഷദ്വീപിൽ നിന്നു തുറമുഖം വഴി കൊപ്രയുടെ വരവ് തുടങ്ങി. കവരത്തി, ആന്ത്രോത്ത്, അമിനി, കടമത്ത്, അഗത്തി ദ്വീപുകളിൽ നിന്നു ടൺ കണക്കിനു കൊപ്രയാണ് ഉരുവിൽ തുറമുഖത്ത് എത്തിക്കുന്നത്.കൊപ്രയ്ക്കു വിപണി വില വളരെ കുറവായതു കാരണം ഇതുവരെ ഉൽപന്നം എത്തിക്കാൻ ദ്വീപുകാർ വിമുഖത കാണിച്ചിരുന്നു. ഇനിയും കാത്തിരുന്നാൽ മൺസൂണിൽ കൊപ്ര സൂക്ഷിക്കാൻ കഴിയാതെ പ്രയാസപ്പെടേണ്ടി വരുമെന്നു കണ്ടാണു പലരും വിലക്കുറവ് അവഗണിച്ചു വൻകരയിലേക്ക് ചരക്ക് എത്തിക്കുന്നത്.

മുൻ വർഷങ്ങളിൽ ക്വിന്റലിന് 13,500 രൂപ വരെ ലഭിച്ചിരുന്ന കൊപ്രയ്ക്കു ഇപ്പോൾ ക്വിന്റലിനു 9500 രൂപയാണ് വിപണി വില. ഇതു നാളികേര കർഷകർക്ക് വലിയ നഷ്ടമുണ്ടാക്കും. എങ്കിലും മറ്റു മാർഗം ഇല്ലാത്തതിനാലാണു കൊപ്ര വിറ്റഴിക്കുന്നത്. മംഗളൂരു തുറമുഖം വഴിയും കൊപ്ര ഇറക്കുമതിയുണ്ട്. കർണാടകയിലും വിപണി വില കുറഞ്ഞതോടെയാണു കർഷകർ ബേപ്പൂരിലേക്കു കയറ്റുമതി വർധിപ്പിച്ചത്. നാളികേരമാണ് ദ്വീപിലെ ഏക കാർഷിക വിള. ദ്വീപ് നിവാസികളിൽ മിക്കവരും തെങ്ങു കൃഷിയിൽ വ്യാപൃതരാണ്.

വർഷത്തിൽ കുറഞ്ഞതു 10,000 ടൺ കൊപ്ര ദ്വീപിൽ നിന്നു കയറ്റി അയയ്ക്കുന്നതായാണു കണക്കുകൾ. എന്നിട്ടും താങ്ങു വില പ്രഖ്യാപിച്ച് കൊപ്ര സംഭരിക്കാൻ ദ്വീപ് അധികൃതർ തയാറാകുന്നില്ലെന്ന ആക്ഷേപം ഉയർന്നിട്ടുണ്ട്.



# കൊടുംവേനൽ; കരിഞ്ഞുണങ്ങി അതിർത്തി വനങ്ങൾ

**പുൽപള്ളി:** വേനൽ ശക്തമായതോടെ അതിർത്തി വനങ്ങൾ കരിഞ്ഞുണങ്ങി. വയനാടിനോട് അതിർത്തി പങ്കിടുന്ന കർണാടകയിലെ ബന്ദിപ്പൂർ, നാഗർഹൊള, തമിഴ്നാട്ടിലെ മുതുമല കടുവ സങ്കേതങ്ങളാണ് ചെറിയൊരു തീപ്പൊരിയുണ്ടായാൽ പോലും ചാമ്പലാകുമെന്ന അവസ്ഥയിലേക്ക് നീങ്ങുന്നത്. കാട്ടു തീയുണ്ടായാൽ കോരിയൊഴിക്കാൻ തുള്ളി വെള്ളം പോലും വനത്തിലില്ല. അഗ്നിരക്ഷാസേനയുടെ ടാങ്കറുകളിലാണ് ബന്ദിപ്പൂരിൽ വെള്ളമെത്തിക്കുന്നത്. മൺസൂൺ മഴക്കുറവ് കാര്യമായി അനുഭവപ്പെട്ട മേഖലയാണിത്. നീലഗിരി ജൈവ മണ്ഡലത്തിൽ കഴിഞ്ഞവർഷം ശരാശരിയുടെ പകുതി മഴ പോലും ലഭിച്ചില്ല. ഡിസംബറോടെ ചെറുഅരുവികളും കുളങ്ങളും വറ്റി.

കാട്ടുതീ പ്രതിരോധത്തിന് കണ്ണിമ ചിമ്മാത്ത കാവലാണ് ഈ മേഖലയിൽ ഒരുക്കിയിട്ടുള്ളത്. വനമേഖലയിലെ റോഡുകളിലും കാവൽ ശക്തം. 500 മീറ്റർ അകലത്തിൽ വാച്ചർമാരെ നിയോഗിച്ചു നിരീക്ഷിക്കുന്നു. ഇതിനുപുറമെ പട്രോളിങ് സംഘവും ഗോപുര നിരീക്ഷണവുമുണ്ട്. വേനൽക്കാലം കഴിയുംവരെ ആരും വനത്തിൽ പ്രവേശിക്കാൻ പാടില്ല. എല്ലാത്തരം സഫാരികളും വിലക്കി. വനപാതകളിൽ വാഹനങ്ങൾ നിർത്തുന്നവരെ കണ്ടെത്തി പിഴയീടാക്കും. ബാവലി എച്ച്ഡി കോട്ട, ബത്തേരി ഗുണ്ടൽപേട്ട, കുട്ട ഹുൺസൂർ പാതകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും വനംവകുപ്പിന്റെ ക്യാമറ നിരീക്ഷണത്തിലാണ്. വനത്തിൽ പ്രവേശിക്കുന്ന വാഹനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ കടന്നുപോകണം.

വിശാലമായ വനമേഖലയിലെ പ്രധാന ജലസ്രോതസ്സ് കബനിയാണ്. ദൂരെ ദിക്കുകളിൽ നിന്നും കബനിയുടെ തീരത്തേക്ക് വൻതോതിൽ മൃഗങ്ങളെത്തുന്നുണ്ട്. അവയിൽ കുറെ വയനാട് വന്യജീവി സങ്കേതത്തിലേക്കും. നിലവിലുള്ള മൃഗശേഷിക്കു പുറമേ കൂടുതലായെത്തുന്നവ ഇവിടെയും പ്രശ്നമുണ്ടാക്കുന്നു. കർണാടക വനത്തിൽ തീപിടിച്ചാൽ കേരള വനത്തിലേക്കു പടരാനുള്ള സാധ്യതയുമേറെയാണ്. സംസ്ഥാനാതിർത്തിയിൽ വലിയ ഫയർ ലൈനുകൾ നിർമിച്ച് ഇവിടെയും കാവലൊരുക്കിയിട്ടുണ്ട്. കാട്ടുതീയുണ്ടായാൽ വിവരങ്ങൾ അപ്പപ്പോൾ കൈമാറാൻ 3 സംസ്ഥാനങ്ങളിലെയും വനപാലകർക്ക് നിർദേശം നൽകിയിട്ടുണ്ട്. വനസംരക്ഷണം, കാട്ടുതീ പ്രതിരോധം എന്നിവയിൽ കൂട്ടായ പ്രവർത്തനം നടത്താൻ ബന്ദിപ്പൂരിൽ ചേർന്ന സംസ്ഥാന മന്ത്രിമാരുടെയും വനപാലകരുടെയും യോഗം തീരുമാനിച്ചിരുന്നു.വന്യജീവി സങ്കേതത്തിലും മറ്റിടങ്ങളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തി. വേനൽമഴ ലഭിക്കും വരെയിത് ശക്തമാക്കേണ്ടിവരും. കരിഞ്ഞുണങ്ങിയ വനത്തിലെ ഭക്ഷ്യക്ഷാമം മൂലം മൃഗങ്ങൾ കാടിറങ്ങാൻ കാരണമായി. വിവിധ സ്ഥലങ്ങളിലെ തേക്കുത്തോട്ടങ്ങളിൽ ഒരുജീവിക്കും തങ്ങാൻ കഴിയാത്തവിധം ചൂട് കൂടുതലാണ്. തേക്കുത്തോട്ടങ്ങളിലെ ജലസ്രോതസ്സുകൾ വേഗത്തിൽ വരളുന്നു. കൂടുതലായി ചൂട് പുറന്തള്ളുന്ന തേക്കുത്തോട്ടങ്ങളുടെ പരിസരപ്രദേശങ്ങളിലും അന്തരീക്ഷ ഊഷ്മാവ് വർധിക്കുന്നുണ്ട്

# ഗെയിൽ സ്ഥലംവിട്ടു കൃഷിയിറക്കാനാവാതെ കർഷകർ



**നടുവണ്ണൂർ:** കൊച്ചി മംഗളൂരു ഗെയ്ൽ വാതക പൈപ്പ് ലൈൻ കമ്മിഷൻ ചെയ്തു വർഷങ്ങൾ കഴിഞ്ഞിട്ടും, പൈപ്പിടാൻ ഭൂമി വിട്ടു നൽകിയ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമായില്ല. പൈപ്പ് സ്ഥാപിച്ച ശേഷം വയൽ കൃഷിയോഗ്യമാക്കി നൽകുമെന്ന് ഗെയ്ൽ അധികൃതർ കർഷകർക്ക് നൽകിയ ഉറപ്പ് ഇതുവരെ പാലിച്ചിട്ടില്ല. കഴിഞ്ഞ 8 വർഷമായി ഇവർ കൃഷി ചെയ്യാനാകാതെ ദുരിതത്തിലാണ്. വർഷത്തിൽ 3 തവണ കൃഷിയിറക്കുന്ന നെൽ വയലുകൾ, വീടിനോട് ചേർന്ന കൃഷി ഭൂമി, വീടു വയ്ക്കാൻ പൊന്നും വില കൊടുത്തു വാങ്ങിച്ച സ്ഥലം എന്നിവ കീറി മുറിച്ചാണ് പൈപ്പ് ലൈൻ കടന്നു പോയത്. കൃഷി ഭൂമി പുനഃസ്ഥാപിക്കുന്നതിന് കരാർ നൽകിയിട്ടുണ്ടെന്ന അധികൃതരുടെ മറുപടി കേട്ട് മടുത്തു കർഷകർ.

കോട്ടൂർ, നൊച്ചാട്, പനങ്ങാട് തുടങ്ങിയ പഞ്ചായത്തുകളിലെ ഏക്കർ കണക്കിന് നെൽവയലുകൾ അതിരുകൾ തിട്ടപ്പെടുത്താൻ കഴിയാതെ, വെള്ളം കെട്ടിക്കിടക്കുന്ന കുഴികൾ നിറഞ്ഞ് കൃഷി ചെയ്യാൻ കഴിയാതെ തരിശായി കിടക്കുന്നു. 10 മീറ്റർ സ്ഥലമാണ് പൈപ്പിടാൻ ഗെയ്ൽ ഏറ്റെടുത്തത്. വയലിൽ പൈപ്പ് സ്ഥാപിക്കുന്നതിന് വലിയ യന്ത്രങ്ങൾ കടന്നു പോയ വഴിയിൽ ഇപ്പോഴും വലിയ ഗർത്തങ്ങളാണ്. പ്രളയകാലത്ത് മഴവെള്ളം കുത്തിയൊലിച്ച് വയലിനു നടുവിൽ പലയിടത്തും തോടുകൾ രൂപപ്പെട്ടിട്ടുണ്ട്. വളക്കൂറുള്ള മേൽ മണ്ണാണ് ഒലിച്ചു പോയത്. ഈ ഭാഗങ്ങൾ മണ്ണിട്ട് പുനഃസ്ഥാപിക്കുമെന്ന് അധികൃതർ നാട്ടുകാർക്ക് ഉറപ്പു നൽകിയതാണ്.

അവിടനല്ലൂരിലെ കളത്തേരി താഴെ, അഴോത്ത് താഴെ, പള്ളിയിൽ താഴെ, പൊക്കിട്ടാത്ത് താഴെ, ചെറുവത്ത് താഴെ, പാവുക്കണ്ടി, പൂനത്ത്, കോട്ടൂരിലെ നങ്ങാറത്ത് താഴെ, കോട്ടൂർ വിഷ്ണു ക്ഷേത്രത്തിനു സമീപം, പുളിയിലോട്ട് താഴെ, നെരവത്ത് താഴെ, തെക്കിനാത്ത് താഴെ, മണിലായി താഴെ, പുത്തലത്ത് താഴെ, പുഴക്കാട്ടേരി താഴെ, കറത്തോട്ട് താഴെ, കുന്നരംവള്ളി താഴെ, പുതിയപ്പുറത്ത് താഴെ, പുലിക്കോട്ട് താഴെ, വെള്ളിയൂർ വയൽ എന്നിവിടങ്ങളിലെ ഹെക്ടർ കണക്കിന് നെൽവയലുകളാണ് ഒന്നിനും പറ്റാതെയായത്.അതിരുകൾ കാണാതായതോടെ കൃഷി ഭൂമി ഏതെന്ന് തിട്ടപ്പെടുത്താൻ കഴിയുന്നില്ല.

കൃഷിയിടങ്ങളിൽ വെള്ളമൊഴുക്ക് നിയന്ത്രിച്ചിരുന്നതും കൃഷിക്കാവശ്യമായ സാധനങ്ങൾ എത്തിക്കാൻ ഉപയോഗിച്ചിരുന്നതുമായ വരമ്പുകളും അപ്രത്യക്ഷമായി. അതിരുകൾ നിർണയിക്കാൻ കഴിയാത്തതിനാൽ പലയിടത്തും ആളുകൾ തമ്മിൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്.

# നാട്ടിലും വളരും ഒട്ടകപ്പക്ഷി



മരുഭൂമിയിലെ പക്ഷി ഒട്ടകപ്പക്ഷി എന്നു വായിച്ചറിഞ്ഞതും വിശേഷിപ്പിച്ചതും ഇനി തിരുത്തി വായിക്കേണ്ടി വരും. ഇതിനെ നാട്ടിലും വളർത്തി ആദായമുണ്ടാക്കാം.

വലുപ്പം കൂടിയതും ചെറിയ ചിറകുള്ളതും പറക്കാൻ പറ്റാത്തതും വേഗത്തിൽ ഓടുന്നതുമായ ഇവയുടെ ജന്മനാട് ആഫ്രിക്കയാണ്. 'സ്ട്രൂതിയോ കാമെലസ്' എന്നാണ് ശാസ്ത്രനാമം.

നല്ല ഒട്ടക്കാരനായ ഒട്ടകപ്പക്ഷി മണിക്കൂറിൽ 70 കിലോമീറ്റർ വരെ വേഗത്തിൽ ഓടും. ഉയരം ഒൻപത് അടിയോളം വരും. ഉയരത്തിൻ്റെ പകുതിയും കഴുത്തിൻ്റെ നീളമാണ്. ആൺപക്ഷികൾക്ക് 150ഉം പെൺ പക്ഷികൾക്ക് 130ഉം കിലോ ഭാരവുമുണ്ടാകും.

തൂവലും ചർമവും പല്ലുകളും അലങ്കാര വസ്തുവായി ഉപയോഗിക്കാം. ബലമേറിയ കാലുകളും 15 സെൻറിമീറ്റർ നീളമുള്ള കുളമ്പ് പോലുള്ള രണ്ടു പാദങ്ങളും ഇവയുടെ പ്രത്യേകതയാണ്. കഴുത്തിലെയും തുടയിലെയും പേശികൾ നന്നായി വികസിച്ചതും തൂവലില്ലാത്തതുമാണ്.

കൊക്ക് വീതിയേറിയതും വളരെ ചെറുതുമാണ്. വലിയ കണ്ണുള്ള ഇവയുടെ ശ്രവണ, കാഴ്ച ശക്തി അപാരം. 12 കിലോമീറ്ററിലധികം ദൂരം വരെ വ്യക്തമായി കാണാൻ കഴിയും.

ലഭ്യമായ ഇറച്ചികളിൽ ഏറ്റവും മികച്ചതായി കണക്കാക്കുന്നത് ഒട്ടകപ്പക്ഷിയുടെ ഇറച്ചിയാണ്. മറ്റ് ഇറച്ചികൾക്ക് ഒട്ടകപ്പക്ഷിയുടെ ഇറച്ചിയെക്കാൾ രണ്ടിരട്ടി കലോറിയും, ആറിരട്ടി കൊഴുപ്പും, മൂന്നിരട്ടി കൊളസ്ട്രോളുമുണ്ട്.

കൂടിൻ്റെ തറ മണലിലോ മണ്ണിലോ ഉണ്ടാക്കുന്നതാണു നല്ലത്. ഷെൽട്ടറിനു കുറഞ്ഞത് രണ്ടര മീറ്റർ ഉയരമുണ്ടാകണം. തുറന്ന ഷെൽട്ടറിനു മൂന്നു വശങ്ങളിൽ സംരക്ഷണം നൽകണം. നാലാമത്തെ വശത്ത് വാതിൽ വേണം.

ഇതിന് കുറഞ്ഞത് ഒന്നര മീറ്റർ വീതി ഉണ്ടായിരിക്കണം. പുറത്തേക്ക് പോകാൻ കഴിയാത്തവിധം ചുറ്റുവേലി നിർമിക്കണം. ഓരോ നാല് മീറ്ററിലും ബലമുള്ള പോസ്റ്റ് സ്ഥാപിച്ചു നിർമിക്കുന്ന വേലിക്കു കുറഞ്ഞത് 56 അടി ഉയരം വേണം.

വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾക്ക് ആദ്യ ആഴ്ച 32 ഡിഗ്രി സെൽഷ്യസ് ചൂടു നൽകണം. പിന്നീട് ഓരോ ആഴ്ചയും രണ്ടു ഡിഗ്രി സെൽഷ്യൽസ് വീതം കുറച്ചു കൊണ്ടു വരണം. ഇവയെ വലിയ തുറന്ന കൂടുകളിലും തുറസായ സ്ഥലത്തും വളർത്താം.

21 ദിവസം പ്രായം വരെ ഒരു കുഞ്ഞിനു കൂട്ടിൽ അര മുതൽ ഒരു സ്ക്വയർ മീറ്റർ സ്ഥലവും 22 മുതൽ 90 ദിവസം വരെയുള്ളതിന് ഒരു സ്ക്വയർ മീറ്റർ സ്ഥലവും വേണം. ഇറച്ചിക്കായി വളർത്തുന്നത് 12 മാസം വരെയാണ്. ഇതിനു കൂട് വേണമെന്നില്ല.

തുറസായ സ്ഥലത്ത് ഒന്നിന് 100 സ്ക്വയർ മീറ്റർ സ്ഥലം അനുവദിക്കണം. മുട്ടയ്ക്കായും പ്രജനനത്തിനായും വളർത്തുന്നത് 24 മാസം മുതൽ മുകളിലേക്കാണ്. ഇവയ്ക്ക് 500 800 സ്ക്വയർ മീറ്റർ സ്ഥലം ഒന്നിന് എന്ന തോതിൽ നൽകണം.

ഒട്ടകപ്പക്ഷികൾ വർഷത്തിലെ പ്രത്യേക സീസണുകളിൽ മാത്രം പ്രജനനം നടത്തുന്നവയാണ്. വടക്കൻ അർധഗോളത്തിൽ, ഇതു മാർച്ച് മുതൽ സെപ്റ്റംബർ വരെയും തെക്കൻ അർധഗോളത്തിൽ ജൂലൈ മുതൽ മാർച്ച് വരെയുമാണ്.

പ്രജനന കാലത്ത് ജോഡികളായി ഒരാണും ഒരു പെണ്ണും ആയോ ത്രയങ്ങളായി ഒരു ആണും രണ്ട് പെണ്ണും എന്ന കണക്കിലോ വളർത്താം. സാധാരണയായി മണ്ണിൽ രണ്ടടി ആഴത്തിലും പത്തടി വീതിയിലും കുഴിയുണ്ടാക്കിയാണ് ഇവ മുട്ടയിടുന്നത്.

മുട്ടകൾ നീക്കം ചെയ്തില്ലെങ്കിൽ, പെൺ പക്ഷികൾ പകൽ സമയത്ത് അടയിരിക്കാൻ തുടങ്ങും, സന്ധ്യ മുതൽ പ്രഭാതം വരെ ആൺ പക്ഷികൾക്കാണ് ഈ ദൗത്യം.

ദിവസേന രണ്ടു തവണയെങ്കിലും കൂട്ടിൽ നിന്ന് മുട്ടകൾ നീക്കം ചെയ്യണം. വിരിയിക്കാൻ അനുവദിച്ചാൽ, കുഞ്ഞുങ്ങൾക്ക് നാലോ അഞ്ചോ ആഴ്ച പ്രായമാകുന്നതുവരെ ഇവ മുട്ടയിടുന്നതു നിർത്തും.

ആൺ പക്ഷികൾ രണ്ട്‌രണ്ടര വയസിൽ ലൈംഗികപക്വതയിലെത്തും. പെൺ പക്ഷികൾ രണ്ട് വയസിലും. പ്രായപൂർത്തിയാകുന്പോൾ ആൺ പക്ഷികൾക്ക് കറുപ്പും വെളുപ്പും തൂവലുകൾ കാണും.

പെൺപക്ഷികൾക്കും പ്രായപൂർത്തിയാകാത്ത പക്ഷികൾക്കും ചാരം കലർന്ന തവിട്ടുനിറത്തിലുള്ള തൂവലുകളാണ്. ആൺ പക്ഷികളുടെ വാൽ തൂവലുകൾക്ക് വെള്ളയോ മഞ്ഞ കലർന്ന തവിട്ടുനിറമോ ആണ്. പെൺപക്ഷികളുടേത് ഇളം നിറവും ഇരുണ്ട ചാരനിറവുമാണ്.



ലോകത്തിലെ ഏറ്റവും വലിയ മുട്ടകൾ ഒട്ടക പക്ഷികളുടേതാണ്. 17 മുതൽ 19 സെൻറീമീറ്റർ വരെ നീളവും 14 മുതൽ 15 സെൻറീമീറ്റർ വരെ വീതിയും ഒന്നര മുതൽ രണ്ടു കിലോ വരെ തൂക്കവുമുണ്ടാകും. മുട്ടകൾക്കു മഞ്ഞകലർന്ന വെള്ള നിറമാണ്.

വളർത്തു പക്ഷികളല്ലാത്തവ മണലിൽ ഒരു വലിയ താഴ്ചയിൽ ഒരുമിച്ചു മുട്ടകൾ ഇടുന്നു. മുട്ട വിരിയാൻ 42 ദിവസം വേണം. വിരിയാനുള്ള മുട്ട 15 ഡിഗ്രി മുതൽ 20 ഡിഗ്രി സെൽഷ്യസ് ഊഷ്മാവിൽ സൂക്ഷിക്കണം.

ഇൻകുബേറ്ററിൻ്റെ സഹായത്തോടെയും മുട്ട വിരിയിക്കാം. പണ്ടു കാലത്ത് ആഫ്രിക്കൻ മരുഭൂമിയിലെ ആട്ടിടയൻമാർ ഈ മുട്ടത്തോടുകൾ വെള്ളം സൂക്ഷിച്ചു വയ്ക്കാൻ ഉപയോഗിച്ചിരുന്നു.

ഒട്ടകപ്പക്ഷി സർവഭോജിയാണെങ്കിലും സസ്യഭക്ഷണമാണു കൂടുതൽ ഇഷ്ടം. പൂക്കൾ, പഴങ്ങൾ, വേരുകൾ, പച്ചപുല്ല്, വിത്തുകൾ, കുറ്റിച്ചെടികൾ, ഇലകൾ, മുളകൾ, പരിപ്പ്, ഇലവർഗങ്ങൾ, പുഴുക്കൾ എന്നിവയാണു സ്വാഭാവിക തീറ്റകൾ.

ഫാമിൽ വളർത്തുന്നവയ്ക്ക് ഖരാഹാരത്തിനു പുറമെ മുട്ടയും മറ്റു അടുക്കള വിഭവങ്ങളും നൽകാം. ഒട്ടപ്പക്ഷികൾക്ക് നാരുകളെ ദഹിപ്പിക്കാനുള്ള കഴിവുണ്ട്. വളർച്ചാ ഘട്ടങ്ങളിൽ കാത്സ്യം അടങ്ങിയ ഭക്ഷണം നൽകുന്നതു നല്ലതാണ്.

ഒട്ടകപ്പക്ഷിയുടെ തൂവലുകൾ യന്ത്രങ്ങളും ഉപകരണങ്ങളും വൃത്തിയാക്കാനും അലങ്കാരങ്ങൾക്കും ഫാഷൻ വ്യവസായത്തിനും ഉപയോഗിക്കുന്നു. കട്ടിയുള്ളതും മോടിയുള്ളതും മൃദുവുമായ തുകൽ ഷൂസ്, ബാഗുകൾ, പേഴ്സ്, ജാക്കറ്റുകൾ എന്നിവ നിർമിക്കാൻ ഉപയോഗിക്കുന്നു.

പല പക്ഷികളെയും പോലെ ഒട്ടകപ്പക്ഷികൾക്കും പല്ലുകൾ ഇല്ല. അതിനാൽ ദഹനം ബുദ്ധിമുട്ടാണ്. ദഹനത്തെ സഹായിക്കാനാണ് ഇവ ഉരുളൻ കല്ലുകൾ, പാറകൾ, മറ്റ് ഡഗ്രിറ്റുകൾ ഡ എന്നിവ വിഴുങ്ങുന്നത്.

ഇങ്ങനെ ഉള്ളിലെത്തിയ കല്ലുകൾ 'ഗിസാർഡ്' എന്നറിയപ്പെടുന്ന വയറിൻ്റെ പേശി ഭാഗത്ത് സംഭരിച്ചു വയ്ക്കുകയും കഴിക്കുന്ന ഭക്ഷണങ്ങളെ പൊടിക്കാൻ സഹായിക്കുകയും ചെയ്യും. മുതിർന്ന ഒട്ടക പക്ഷിയുടെ ആമാശയത്തിൽ ഒരു കിലോയോളം കല്ലുകൾ ഉണ്ടാകും.

ഒട്ടകപ്പക്ഷികൾ തല മണലിൽ പൂഴ്ത്തി വയ്ക്കുമെന്നു പറയാറുണ്ടെങ്കിലും അത് അത്ര ശരിയല്ല. ഭക്ഷണം കഴിക്കാനായി ചാഞ്ഞുനിൽക്കുകയും നീണ്ട കഴുത്ത് നിലത്തേക്ക് നീട്ടുകയും ചെയ്യുന്നത് അവയുടെ രീതിയാണ്.

ഇതു ദൂരെ നിന്നു നോക്കുന്പോൾ മണലിൽ തല പൂഴ്ത്തുന്നതുപോലെ തോന്നും. ഇവ കൂടുകൾ നിർമിക്കുന്പോഴാണ് ഈ ദൃശ്യം കൂടുതൽ പ്രകടമാകുന്നത്.

നഖം കൊണ്ട് നിലം തുരന്നാണു കൂട് പണിയുന്നതെങ്കിലും നീളമുള്ള കഴുത്ത് കുഴിയിലേക്കിറക്കി കൂട് നന്നായി ക്രമീകരിക്കുകയും പരിശോധിക്കുകയും ചെയ്യും.

മുട്ടയിട്ടുകഴിഞ്ഞാൽ, പക്ഷികൾ ഇടയ്ക്കിടെ കൂടിനുള്ളിലെത്തി മുട്ടകൾ മറിച്ചിടുകയും അടയിരിക്കൽ പ്രക്രിയ തുല്യമാണെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. ഇതു കാണുന്പോൾ തല നിലത്ത് പൂഴ്ത്തിയിരിക്കുന്നതുപോലെ തോന്നും.

ഒട്ടകപ്പക്ഷിയിൽ രോഗബാധ പൊതുവെ കുറവാണ്. എന്നാൽ, വൈറസ് രോഗമായ ന്യൂകാസിൽ രോഗം കുഞ്ഞുങ്ങളിൽ മരണ കാരണമാകാറുണ്ട്. വിരിഞ്ഞിറങ്ങിയ കുഞ്ഞുങ്ങളിൽ ആഗിരണം ചെയ്യപ്പെടാത്ത മഞ്ഞക്കരുവിൻ്റെ ബാക്ടീരിയ ബാധ ഒരു പ്രധാന പ്രശ്നമാണ്.

ഭക്ഷണത്തിലെ ധാതുക്കളുടെയും വൈറ്റമിനുകളുടെയും അപര്യാപ്തത മൂലമുണ്ടാകുന്ന കാലുകളുടെയും കഴുത്തിൻ്റെയും തളർച്ചയും ശ്രദ്ധിക്കേണ്ടതാണ്.

കണ്ണിൽ കണ്ടതെല്ലാം വിഴുങ്ങുന്ന സ്വഭാവമുള്ളതിനാൽ ഉദര സ്തംഭനവും കൂടുതലാണ്. മൂർച്ചയുള്ളതും ലോഹനിർമിത സാധനങ്ങളും പാർപ്പിട സ്ഥലത്തുനിന്ന് നീക്കം ചെയ്യണം.

കൊല്ലം ജില്ലയിൽ പുനലൂരിലുള്ള കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിൽ ഒട്ടകപക്ഷികളെ വളർത്തുന്നുണ്ട്. പ്രദർശനത്തിനും പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും കൂടുതൽ അറിവ് നൽകുന്നതിനും വേണ്ടിയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

# കൊടുംചൂടിൽ കർഷക നഷ്ടം നികത്തുവാനുള്ള പദ്ധതിയുമായി മിൽമ

**കൊച്ചി:** അന്തരീക്ഷ ഊഷ്മാവിൽ ഉണ്ടാകുന്ന ക്രമാതീതമായ വർദ്ധനവ്കൊണ്ട് ക്ഷീരകർഷകരുടെ കറവമൃഗങ്ങളിൽ പാലുൽപാദനത്തിൽ കുറവ് വരുന്നത് മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ട പരിഹാരത്തിന് പരിരക്ഷ നൽകുന്നതിനുള്ള ഹീറ്റ് ഇൻഡക്സ് ബെയ്സഡ് കാറ്റിൽ ഇൻഷൂറൻസ് പദ്ധതി മിൽമ എറണാകുളം മേഖലാ യൂണിയൻ ഏപ്രിൽ,മെയ്യ് മാസങ്ങളിൽ നടപ്പാക്കുമെന്ന് ചെയർമാൻ എം.ടി.ജയൻ അറിയിച്ചു.

മേഖലാ യൂണിയൻറെ പ്രവർത്തന പരിധിയിൽ വരുന്ന എറണാകുളം,തൃശ്ശൂർ,കോട്ടയം, ഇടുക്കി ജില്ലകളിലെ താലൂക്ക് അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള താപനിലയിൽ നിന്നും തുടർച്ചയായി ഉയർന്ന താപനില രേഖപ്പെടുത്തുന്ന 6,8,14,26 എന്നീ ദിവസങ്ങളിൽ യഥാക്രമം കറവമൃഗം ഒന്നിന് 200, 400,600, 2000 രൂപ വീതമാണ് സാമ്പത്തിക പരിരക്ഷ ലഭിക്കുന്നത്.

ഒരു കറവപശുവിനെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 99/ രൂപയാണ് പ്രീമിയം നിരക്ക് , 50/ രൂപ മേഖല യൂണിയനും, 49/ രൂപ കർഷകനിൽ നിന്നും ഗുണഭോക്തൃ വിഹിതമായി സമാഹരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. നാല് ജില്ലകളിലായുള്ള ആയിരത്തിൽ പരം വരുന്ന പ്രാഥമിക ക്ഷീര സംഘങ്ങളിലെ കർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാനാണ് മേഖലാ യൂണിയൻറെ ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത്. ഇൻഷൂറൻസ് പദ്ധതിയുടെ ആനുകൂല്യം കർഷകൻറെ അക്കൗണ്ടിൽ നേരിട്ട് എത്തിക്കുന്നതായിരിക്കും.

# സോച്ച് പുതിയ 2024:സ്പ്രിങ് സമ്മർ ശേഖരം അവതരിപ്പിച്ചു



**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഒക്കേഷൻ ആൻഡ് ഈവനിങ് വെയർ ബ്രാൻഡായ സോച്ച്, അതിന്റെ ഏറ്റവും പുതിയ സ്പ്രിങ് സമ്മർ കളക്ഷൻ 2024 അവതരിപ്പിച്ചു. വേനൽക്കാല വസ്ത്രധാരണത്തെ അതുല്യമായ എത്നിക് ശൈലിയിൽ ഉയർത്താൻ സഹായിക്കുന്ന തുണിത്തരങ്ങളുടെയും ശൈലികളുടെയും ഒരു നിരയാണ് പുതിയ ശേഖരം അവതരിപ്പിക്കുന്നത്. ഇൻഡിഗോ ഹ്യൂസ്, ഷിഫ്‌ലി ചിക്, കോട്ട കുറ്റൂറേ, ഐവറി എലഗൻസ്, ബ്രീസി ത്രെഡ്സ്, വിവിഡ് ബ്ലൂംസ് എന്നിവയുൾപ്പെടെയുള്ള വിവിധ തീമുകളുടെ ക്യൂറേറ്റ് ചെയ്ത വർണത്തട്ടാണ് ഈ ശേഖരം. ഓരോ ശേഖരവും എത്നിക് വസ്ത്രങ്ങളെക്കുറിച്ചുള്ള ഒരു പുതിയ കാഴ്ചപ്പാടാണ് വാഗ്ദാനം ചെയ്യുന്നത്. സ്ത്രീകളുടെ ആധുനിക വാർഡ്രോബുകൾ ആവശ്യകത നിറവേറ്റുന്നതിനായി രൂപകൽപന ചെയ്തിരിക്കുന്നവയാണ് ഓരോന്നും. ഈ ക്യൂറേറ്റ് ചെയ്ത ശേഖരത്തിന് പുറമെ സാരികൾ, ചുരിദാർ സെറ്റുകൾ, വസ്ത്രങ്ങൾ, കുർത്തകൾ, കഫ്താൻ, ലെഹംഗകൾ എന്നിവയുടെ പ്രത്യേക ഡിസൈനുകളും സോച്ച് വാഗ്ദാനം ചെയ്യുന്നു. 1498 രൂപ മുതലുള്ള വിലയുള്ള പുതിയ വേനൽക്കാല ശേഖരം എല്ലാ സോച്ച് ഔട്ട്‌ലെറ്റുകളിലും, www.soch.com എന്ന വെബ്സൈറ്റ് വഴി ഓൺലൈനിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും സമഗ്രമായ ഷോപ്പിങ് അനുഭവത്തിനും വെബ്സൈറ്റ് സന്ദർശിക്കാം.



സ്വാമി അവ്യയാനന്ദയുടെ ദൈവദശകം  വാഖ്യാനത്തിൻറെ പ്രകാശനം എറണാകുളം സഹോദര സൗധത്തിൽ ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ എം.കെ. ഹരികുമാറിന് പുസ്തകം നൽകികൊണ്ട് നിർവ്വഹിക്കുന്നു. എസ്. മുരളീധരൻ, പി.പി. രാജൻ, അഡ്വ. എൻ.ഡി. പ്രേമചന്ദ്രൻ, പ്രൊഫ. എം.കെ. സാനു, സ്വാമി അവ്യയാനന്ദ, ഫാ. അനിൽ ഫിലിപ്പ്, അഡ്വ. കെ.ബി. സാബു, അഡ്വ. പി.എം. മധു, എം.വി. ജയപ്രകാശ് എന്നിവർ സമീപം.

# പുസ്തകം പ്രകാശനം ചെയ്തു

**ശിവഗിരി:** ശിവഗിരി മഠത്തിലെ സ്വാമി അവ്യയാനന്ദ വാഖ്യാനം നിർവ്വഹിച്ച ദൈവദശകം നാലാം പതിപ്പിൻറെ പ്രകാശനം ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ എറണാകുളം സഹോദര സൗധത്തിൽ വച്ച് നിർവ്വഹിച്ചു. എം.കെ. ഹരികുമാർ പുസ്തകം ഏറ്റുവാങ്ങി.

ഇതോടനുബന്ധിച്ച് ശ്രീനാരായണ സേവാസംഘവും ഗുരുധർമ്മ പ്രചരണ സഭ ഒക്കൽ യൂണിറ്റും കാലടി എസ്.എൻ.ഡി.പി. ലൈബ്രറിയും സംയുക്തമായി സംഘടിപ്പിച്ച സമ്മേളനം പ്രൊഫ. എം.കെ. സാനു ഉദ്ഘാടനം ചെയ്തു. ശ്രീനാരായണ സേവാസംഘം പ്രസിഡന്റ് അഡ്വ. എൻ.ഡി. പ്രേമചന്ദ്രൻ അധ്യക്ഷത വഹിച്ചു. അഡ്വ. കെ.ബി. ബാബു, ഫാ. അനിൽ ഫിലിപ്പ്, അഡ്വ. പി.എം. മധു, സ്വാമി അവ്യയാനന്ദ, പി.പി. രാജൻ എം.വി. ജയപ്രകാശ് എന്നിവർ പ്രസംഗിച്ചു.

## ഡെത്ത് ക്ലെയിം തീർപ്പ്: മികച്ച നേട്ടവുമായി ഐസിഐസിഐ പ്രുലൈഫ്

**കോഴിക്കോട്:** അർഹമായ ഡെത്ത് ക്ലെയിമുകളിൽ എല്ലാ രേഖകളും ലഭിച്ച് ഒരു ദിവസത്തിനു ശേഷം അവ സെറ്റിൽ ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്ന രീതിയാണ് ഐസിഐസിഐ പ്രൂഡെൻഷ്യൽ ലൈഫ് പിന്തുടരുന്നതെന്ന് കമ്പനി അറിയിച്ചു. കഴിഞ്ഞ ഒൻപതു മാസങ്ങളിൽ ക്ലെയിം ഫോർ ഷുവറിനു കീഴിൽ 214.70 കോടി രൂപ വരുന്ന 3070 ഡെത്ത് ക്ലെയിമുകൾ തീർപ്പാക്കിയതായും കമ്പനി വെളിപ്പെടുത്തി. 2024 സാമ്പത്തിക വർഷത്തിലെ ആദ്യ ഒൻപതു മാസങ്ങളിൽ 98.6 ശതമാനം എന്ന മികച്ച ക്ലെയിം സെറ്റിൽമെന്റ് നിരക്ക് ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസ് കൈവരിച്ചിരുന്നു. അന്വേഷണങ്ങൾ ആവശ്യമില്ലാത്ത ക്ലെയിമുകളിൽ സെറ്റിൽമെന്റിനായി എടുക്കുന്ന ശരാശരി സമയം 1.3 ദിവസമാണെന്ന് 2023 ഡിസംബറിൽ അവസാനിച്ച ഒൻപതു മാസങ്ങളിലെ കണക്കുകൾ സൂചിപ്പിക്കുന്നു.

